WEDNESDAY 02-11-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/11/2022.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ബ്ലോക്കിൽ 2022 നവംബർ 16 ന് തുടക്കം കുറിക്കുന്നു. പരിപാടിക്ക് മുന്നോടിയായി ബ്ലോക്കിലെ കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സിസ്റ്റം) പോർട്ടലിന്റെ പുതിയ പതിപ്പിലൂടെയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2022 നവംബർ 10 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. നെടുമങ്ങാട് ബ്ലോക്കിലെ കർഷകർക്ക് നേരിട്ടോ, അതത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

2. സംസ്ഥാന വിള ഇൻഷുറൻസ് പ്രീമിയം ഇനി മുതൽ കർഷകർക്ക് ഓൺലൈനായി അടയ്ക്കാം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ AIMS പോർട്ടൽ ( www.aims.kerala. gov.in) വഴിയാണ് ഓൺലൈനായി പ്രീമിയം തുക അടയ്ക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കിയിട്ടുള്ളത്. ഡെബിറ്റ് /ക്രെഡിറ്റ് കാർഡുകൾ വഴിയോ ഇന്റർനെറ്റ് ബാങ്കിംഗ് വഴിയോ, UPI സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ പ്രീമിയം തുക അടക്കുവാൻ കഴിയും. ഇതിനായി സംസ്ഥാന ട്രഷറി വകുപ്പിന്റെ സൗകര്യങ്ങളാണ് പോർട്ടലിൽ ബന്ധിപ്പിച്ചിരിക്കുന്നത്. AIMS പോർട്ടലിൽ അപേക്ഷ സമർപ്പിച്ച കർഷകരുടെ ലോഗിനിൽ തന്നെയാണ് പുതിയ സൗകര്യവും തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷാ സമർപ്പിച്ച് പത്ത് ദിവസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി കർഷകർക്ക് തുക അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാകും. തുക അടച്ച ഉടൻതന്നെ പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ ഓൺലൈനായി കർഷകന് ലഭിക്കും. പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ പിന്നീട് എപ്പോൾ വേണമെങ്കിലും കർഷകന് സ്വന്തം ലോഗിനിൽ നിന്ന് പ്രിന്റ് എടുക്കുവാനും സാധിക്കും. തുക അടച്ച് ഏഴു ദിവസത്തിന് ശേഷം സംഭവിക്കുന്ന വിള

നാശങ്ങൾക്ക് നഷ്ടപരിഹാരത്തിനായി കർഷകർക്ക് ഇതേ പോർട്ടൽ വഴി അപേക്ഷിക്കുവാൻ കഴിയും. പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടായ വിളനാശം, നെൽകൃഷിയുടെ രോഗ കീടബാധ കാരണമുള്ള വിളനാശം എന്നിവയ്ക്കാണ് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. വിളനാശം ഉണ്ടായി 15 ദിവസങ്ങൾക്കുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് (പൊടി, ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലെക്കാനിസിലിയം, മെറ്റാറൈസിയം, പസിലോമൈസസ്, ബയോ കണ്ട്രോൾ കോമ്പി പാക്ക്- വാഴ, ബയോ കണ്ട്രോൾ കോമ്പി പാക്ക്- പച്ചക്കറി, മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോമ്പി പാക്ക്, അസോള, വെർമി കമ്പോസ്റ്റ്, നീം സോപ്പ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപ്പനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ **9747238532, 04872699087** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

4. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ജൈവകൃഷി** എന്ന വിഷയത്തിൽ നാളെ (നവംബർ 3) പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാല വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് നവംബർ 5 ന് **ശുദ്ധജല മത്സ്യ കൃഷിയും അക്വാപോണിക്സ് കൃഷി രീതിയും** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0495 2935850, 9188223584** എന്ന ഫോൺ നമ്പറിൽ വിളിച്ചു 03.11.2022 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് ആയിരിക്കും ക്ലാസ്സിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുക. രാവിലെ 10.30 മുതൽ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ 14 മുതൽ 16 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറിമാർക്ക് ത്രിദിന പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം 7-ന് (നവംബർ മാസം 7) വൈകുന്നേരം 5 മണിക്ക് മുമ്പായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ, **0495-2414579** എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. **പക്ഷിപ്പനി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- പക്ഷികളിൽ അസാധാരണ മരണനിരക്ക് കണ്ടാൽ അടുത്തുള്ള മൃഗാശുപത്രിയെ അറിയിക്കേണ്ടതാണ്.
- പക്ഷിപ്പനിയുടെ വൈറസുകൾ 60 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കുമ്പോൾ നശിക്കും. അതിനാൽ ഇറച്ചി, മുട്ട നന്നായി വേവിച്ചു മാത്രം ഭക്ഷിക്കുക.
- ഇറച്ചിയും മുട്ടയും കൈകാര്യം ചെയ്തു കഴിഞ്ഞാൽ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകണം.
- രോഗാണുബാധയുള്ള പ്രദേശങ്ങളിലെ പക്ഷികളെ കൈകാര്യം ചെയ്യുമ്പോൾ വ്യക്തി സുരക്ഷാ ഉപാധികളായ മാസ്കും കൈയുറയും ധരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- 2% സോഡിയം ഹൈഡ്രോക്സൈഡ് ലായനി, പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി, കുമ്മായം എന്നിവ അണുനശീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം